ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 07.11.2026 | പ്രധാന വാർത്തകൾ | TIME : 12.50 PM

1) ദേശീയ ഗീതമായ വന്ദേമാതരം ചിട്ടപ്പെടുത്തിയിട്ട് 151 വർഷം, ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

151 years since the composition of the national song 'Vande Mataram'; President Droupadi Murmu extends her greetings.

2)ഹൊറൈസൺ യൂറോപ്പുമായുള്ള ഇന്ത്യയുടെ സഹകരണ ചർച്ചകൾ പൂർത്തിയാക്കി ഇന്ത്യയും യൂറോപ്യൻ യൂണിയനും, ജനുവരിയിൽ കരാർ പ്രാബല്യത്തിലാകുമെന്ന് പ്രതീക്ഷ

India and the European Union have concluded discussions on cooperation regarding 'Horizon Europe'; the agreement is expected to come into effect in January.

3)നിർമിതബുദ്ധി അധിഷ്ഠിത ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിൽ ഇന്ത്യൻ വ്യവസായങ്ങൾ കാര്യമായ പുരോഗതി കൈവരിക്കുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്

Union Minister Ashwini Vaishnaw states that Indian industries are making significant progress in developing artificial intelligence-based applications.

4)കേരളത്തിൽ നിലമ്പൂരിൽ മൂന്ന് പേർക്ക് ഷിഗെല്ല ബാധ സ്ഥിരീകരിച്ചു, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ആരോഗ്യവകുപ്പ്

Shigella infection confirmed in three individuals in Nilambur, Kerala; the Health Department has intensified preventive measures.

5)സംസ്ഥാനത്ത് ഇന്ന് വിവിധ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത; ഏഴു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Rain accompanied by thunderstorms and strong winds is likely in various districts across the state today; a 'Yellow Alert' has been issued for seven districts.

6)ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് 135 റൺ വിജയലക്ഷ്യം.

India chasing a target of 135 runs in the second match of the men's ODI cricket series against New Zealand.

PREZ- VANDEMATARAM

Headline- 1

ദേശീയ ഗീതമായ 'വന്ദേമാതരം' ചിട്ടപ്പെടുത്തിയിട്ട് 151 വർഷങ്ങൾ പൂർത്തിയായ വേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് ആശംസകൾ നേർന്നു. സ്വാതന്ത്ര്യസമര കാലത്ത്, ദേശസ്നേഹികൾക്ക് ധൈര്യവും ഐക്യവും, ദൃഢനിശ്ചയവും പകർന്നു നൽകിയ 'വന്ദേമാതരം' ആത്മാഭിമാനത്തിൻറെയും, മാതൃഭൂമിയോടുള്ള സമർപ്പണബോധത്തിൻറെയും പ്രതീകമായി ഇന്നും നിലകൊള്ളുന്നുവെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

AYODHYA-DEEPOTSAV

ഉത്തർപ്രദേശിലെ അയോധ്യയിൽ പത്താമത് ദീപോത്സവം ഇന്ന് നടക്കും. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ആഘോഷങ്ങളിൽ പങ്കെടുക്കും. ശ്രീരാമജന്മഭൂമി ക്ഷേത്രത്തിൽ ദർശനം നടത്തി ശ്രീരാമൻറെ പ്രതീകാത്മക പട്ടാഭിഷേക ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം സന്യാസിമാരെ ആദരിക്കുകയും ചെയ്യും. ദീപാവലിയുടെ മുന്നോടിയായി നഗരത്തിൽ 30 ലക്ഷത്തിലധികം മൺചെരാതുകൾ തെളിയിക്കും. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി രണ്ടായിരത്തി അഞ്ഞൂറോളം കലാകാരന്മാർ 12 വേദികളിലായി രാമലീലയും സാംസ്കാരിക പരിപാടികളും അവതരിപ്പിക്കും.

INDIA- HORIZON EUROPE TALKS

Headline- 2

ഹൊറൈസൺ യൂറോപ്പുമായുള്ള ഇന്ത്യയുടെ സഹകരണത്തെക്കുറിച്ചുള്ള ചർച്ചകൾ ഇന്ത്യയും യൂറോപ്യൻ യൂണിയനും വിജയകരമായി പൂർത്തിയാക്കി. ഗവേഷണത്തിനും നവീകരണത്തിനുമായുള്ള യൂറോപ്യൻ യൂണിയൻറെ പ്രധാന ധനസഹായ പദ്ധതിയായ ഹൊറൈസൺ യൂറോപ്പിൽ നിന്ന് ഇന്ത്യൻ ഗവേഷകർക്കും, വ്യവസായ - ഗവേഷണ സ്ഥാപനങ്ങൾക്കും നേരിട്ട് ധനസഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം. അന്താരാഷ്ട്ര സഹകരണത്തോടെയുള്ള ഗവേഷണ പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിനും ഈ കരാർ അർഹത നേടും. ഇരുപക്ഷവും ഒപ്പുവെച്ച് അംഗീകാരമായാൽ, ജനുവരിയിൽ കരാർ പ്രാബല്യത്തിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

VAISHNAW- AI- (INTRO)

Headline- 3

നിർമിതബുദ്ധി അധിഷ്ഠിത ആപ്ലിക്കേഷനുകളുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ സെമികോൺ 2.0 വെബ് ആപ്ലിക്കേഷൻ പോർട്ടലിൻറെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നിർമിതബുദ്ധിയുടെ ഉപയോഗം വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു. നിർമിതബുദ്ധി അധിഷ്ഠിത ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിൽ ഇന്ത്യൻ വ്യവസായങ്ങൾ കാര്യമായ പുരോഗതി കൈവരിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(വോയിസ്...)

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

NBFC LOAN INCREASE

ബാങ്കിംഗ് ഇതര സാമ്പത്തിക കമ്പനികൾ നൽകുന്ന വായ്പകളിൽ ഈ വർഷം സെപ്റ്റംബറിൽ 15.4 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തിയാതായി റിസർവ് ബാങ്ക്. ഇന്നലെ പുറത്തുവിട്ട കണക്കുകൾ പ്രകാരം റീട്ടെയിൽ വായ്പകളിലാണ് ഏറ്റവും ശക്തമായ വളർച്ചയുണ്ടായതെന്ന് റിസർവ് ബാങ്ക് അറിയിച്ചു. ഭവന വായ്പകൾ, സ്വർണ്ണാഭരണങ്ങൾ ഈടായുള്ള വായ്പകൾ, വാഹന വായ്പകൾ എന്നിവയിൽ മികച്ച വളർച്ച പ്രകടമായി. കാർഷിക മേഖലയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും നൽകുന്ന വായ്പകളിലും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

SHIGELLA

Headline- 4

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ മൂന്ന് പേർക്ക് ഷിഗെല്ല ബാക്ടീരിയ അണുബാധ സ്ഥിരീകരിച്ചു. പ്രദേശത്ത് 23 ഓളം പേർക്ക് വയറിളക്കം, ഛർദ്ദി, വയറുവേദന തുടങ്ങിയ ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രോഗബാധയ്ക്ക് കാരണമായെന്ന് സംശയിക്കുന്ന കടകൾ അടച്ചിടാൻ അധികൃതർ നിർദ്ദേശം നൽകി. ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. അതേസമയം കോഴിക്കോട് ജില്ലയിലെ വടകരയിൽ രണ്ടു പേർക്കും മാടപ്പള്ളി, ഓമശ്ശേരി, മീഞ്ചന്ത എന്നിവിടങ്ങളിലും രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്.

NADDA-CANCER DAY

ഇന്ന് ദേശീയ കാൻസർ ബോധവത്കരണ ദിനം. കാൻസർ പ്രതിരോധം, നേരത്തെയുള്ള രോഗനിർണയം, ചികിത്സ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. കാൻസർ പ്രതിരോധത്തെക്കുറിച്ച് അവബോധം വളർത്തണമെന്നും, സമയബന്ധിതമായ സ്ക്രീനിംഗും ചികിത്സയും പ്രോത്സാഹിപ്പിക്കണമെന്നും ദേശീയ കാൻസർ അവബോധ ദിനത്തിൽ,

കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ജനങ്ങളോട് ആഹ്വാനം ചെയ്തു. പുകയിലയും മദ്യവും ഒഴിവാക്കാനും, പതിവായി വ്യായാമം ചെയ്യാനും, ആരോഗ്യകരമായ ഭക്ഷണക്രമം പാലിക്കാനും അദ്ദേഹം നിർദേശിച്ചു.

SIKKIM RAJNATH SINGH

തിന്മയ്ക്ക് മേൽ നന്മയുടെയും ഇരുളിന് മേൽ വെളിച്ചത്തിന്റെയും വിജയം ആഘോഷിക്കുന്ന ദീപാവലിയെ വരവേൽക്കാനൊരുങ്ങി രാജ്യം. പരിസ്ഥിതി സൗഹൃദമായ ദീപാവലി ആഘോഷിക്കാൻ കേന്ദ്ര സർക്കാർ ആഹ്വാനം ചെയ്തു. ഇന്ത്യ-ചൈന അതിർത്തിയിൽ വിന്യസിച്ചിരിക്കുന്ന സൈനികർക്കൊപ്പം ദീപാവലി ആഘോഷിക്കുന്നതിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ സിക്കിം സന്ദർശിക്കും. നാഥുലയ്ക്ക് സമീപമുള്ള ഷെരാതാംഗ് യുദ്ധസ്മാരകം സന്ദർശിക്കുന്ന അദ്ദേഹം രാഷ്ട്ര സേവനത്തിനിടെ ജീവൻ ത്യജിച്ച ധീരസൈനികർക്ക് ആദരാഞ്ജലി അർപ്പിക്കും. തുടർന്ന്, പ്രതിരോധ സേനാംഗങ്ങളുമായി രാജ്യരക്ഷാമന്ത്രി സംവദിക്കും.

DMRC-DIWALI

ദീപാവലിയോട് അനുബന്ധിച്ച്, ഡൽഹി മെട്രോയുടെ പിങ്ക്, മജന്ത, ഗ്രേ ലൈനുകളിലെ ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് നാളെ രാവിലെ 6 മണിക്ക് സർവീസുകൾ ആരംഭിക്കും. എയർപോർട്ട് എക്സ്പ്രസ് ലൈൻ ഉൾപ്പെടെയുള്ള എല്ലാ മെട്രോ ലൈനുകളിലെയും അവസാന ട്രെയിൻ, അതത് ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് രാത്രി 10 മണിക്ക് പുറപ്പെടുമെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു.

VAISHNAW- RAILWAY

ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ചുള്ള യാത്രക്കാരുടെ തിരക്ക് നിയന്ത്രിക്കാൻ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഇന്ത്യൻ റെയിൽവേ. 18,000 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുന്നതിനൊപ്പം, അധിക റെയിൽവേ സംരക്ഷണ സേനാംഗങ്ങളെയും വിന്യസിച്ചതായി

കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലെ യാത്രക്കാരുടെ സൗകര്യങ്ങൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

SABARIMALA - KUMALI (INTRO)

ശബരിമല തീർഥാടന കാലയളവിൽ അന്തർ സംസ്ഥാന അതിർത്തിയായ ഇടുക്കി കുമളി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കർശന നടപടികളുമായി ജില്ലാ ഭരണകൂടം. ഇതിന്റെ ഭാഗമായി പാർക്കിംഗ് , ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. താത്കാലിക ബസ് സ്റ്റോപ്പുകൾ ഒരുക്കുമെന്നും അധികൃതർ അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....

(വോയിസ്....)

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

SABARIMALA

ചിത്തിര ആട്ട വിശേഷപൂജകളുടെ ഭാഗമായി ശബരിമലയിൽ ഇന്ന് പ്രത്യേക ചടങ്ങുകൾ നടന്നു. കവടിയാർ കൊട്ടാരത്തിൽനിന്ന് എത്തിച്ച നെയ്യ് ഉപയോഗിച്ചുള്ള അഭിഷേകമായിരുന്നു ഇന്നത്തെ പ്രധാന ചടങ്ങ്. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ ജന്മദിനത്തോടനുബന്ധിച്ചാണ് വിശേഷപൂജകൾ നടത്തുന്നത്. പൂജകൾ പൂർത്തിയാക്കി നാളെ രാത്രി പത്തിന് നട അടയ്ക്കും.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

RAIN- KERALA

Headline- 5

കേരളത്തിൽ ഇന്ന് വിവിധ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളത്തിന് പുറമെ മാഹി, തമിഴ്നാട്, പുതുച്ചേരി, എന്നിവിടങ്ങളിലും ശക്തമായ മഴക്കും കാറ്റിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

MENS CRICKET

Headline- 6

വെല്ലിംഗ്ടണിൽ നടക്കുന്ന ഇന്ത്യ-ന്യൂസിലൻറ് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് 135 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലാൻറ് 41 ഓവറിൽ 134 റണ്ണിൽ ഓൾഔട്ടായി. മഴമൂലം വൈകി ആരംഭിച്ച മത്സരം 47 ഓവറായി ചുരുക്കിയിരുന്നു. മറുപടി ബാറ്റിങ്ങിൽ ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ ഏഴ് ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 33 റൺസെന്ന നിലയിലാണ്.

CBSE- DATESHEET

CBSE 10, 12 ക്ലാസുകളിലെ ഈ അദ്ധ്യയന വർഷത്തെ ബോർഡ് പരീക്ഷകൾ 2027 ഫെബ്രുവരി 16-ന് ആരംഭിക്കും. ഇന്ത്യയിലും വിദേശത്തുമുള്ള സ്കൂളുകളിൽ 10, 12 ക്ലാസുകൾക്കായുള്ള പ്രാക്ടിക്കൽ പരീക്ഷകളും ഇൻറേണൽ അസസ്മെൻറുകളും ജനുവരി 1 മുതൽ ഫെബ്രുവരി 13 വരെ നടത്തും. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് 9-നും പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ ഏപ്രിൽ 9 നുമാണ് അവസാനിക്കുന്നത്.

ARUN RAJ

ലഡാക്കിൽ വാഹനപകടത്തിൽ വീരമൃത്യു വരിച്ച സൈനികൻ അരുൺ രാജിന് നാടിന്റെ യാത്രാമൊഴി. സംസ്കാര ചടങ്ങുകൾ ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിൽ നടന്നു.